# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ഒക്ടോബർ 27

# വാർത്താക്കുറിപ്പ്

## പരീക്ഷ/അപേക്ഷ തീയതി

അഫിലിയേറ്റഡ് കോളജുകളിലെ ഒന്നാം സെമസ്റ്റർ എം.എസ് സി. കമ്പ്യൂട്ടർ എൻജിനീയറിങ് ആൻഡ് നെറ്റ്വർക് ടെക്നോളജി(2019 അഡ്മിഷൻ റഗുലർ/2019 വരെയുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷ നവംബർ 17ന് ആരംഭിക്കും. പിഴയില്ലാതെ നവംബർ നാലുവരെയും 525 രൂപ പിഴയോടെ നവംബർ അഞ്ചു വരെയും 1050 രൂപ സൂപ്പർഫൈനോടെ നവംബർ ആറുവരെയും അപേക്ഷിക്കാം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1052/2020)

അഫിലിയേറ്റഡ് കോളജുകളിലെ മൂന്നാം സെമസ്റ്റർ എം.എസ് സി. കമ്പ്യൂട്ടർ എൻജിനീയറിങ് ആൻഡ് നെറ്റ്വർക് ടെക്നോളജി(2018 അഡ്മിഷൻ റഗുലർ/2015 മുതൽ 2017 വരെയുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷ നവംബർ 18ന് ആരംഭിക്കും. പിഴയില്ലാതെ നവംബർ നാലുവരെയും 525 രൂപ പിഴയോടെ നവംബർ അഞ്ചു വരെയും 1050 രൂപ സൂപ്പർഫൈനോടെ നവംബർ ആറുവരെയും അപേക്ഷിക്കാം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1053/2020)

അഫിലിയേറ്റഡ് കോളജുകളിലെയും സീപാസിലെയും അഞ്ചാം സെമസ്റ്റർ എം.സി.എ.(റഗുലർ, സപ്ലിമെന്ററി) പരീക്ഷ നവംബർ 18ന് ആരംഭിക്കും. പിഴയില്ലാതെ നവംബർ രണ്ടുവരെയും 525 രൂപ പിഴയോടെ നവംബർ മൂന്നു വരെയും 1050 രൂപ സൂപ്പർഫൈനോടെ നവംബർ നാലുവരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 210 രൂപയും വീണ്ടെമെഴുതുന്നവർ പേപ്പറൊന്നിന് 45 രൂപ വീതം (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിനു പുറമേ അടയ്ക്കണം. ലാബ് പരീക്ഷകൾക്കു വീണ്ടും ഹാജരാകുന്നവരും രജിസ്റ്റർ ചെയ്ത് ഫീസടയ്ക്കണം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1054/2020)

ഒന്നാം സെമസ്റ്റർ ബി.വോക് പ്രിന്റിങ് ടെക്നോളജി(2018 അഡ്മിഷൻ റഗുലർ-പുതിയ സ്കീം) പരീക്ഷ നവംബർ നാലിന് ആരംഭിക്കും. പുതുക്കിയ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1055/2020)

## സ്പെഷൽ മേഴ്സി ചാൻസ് പരീക്ഷയ്ക്ക് അപേക്ഷിക്കാം

ബി.എ., ബി.എസ് സി. മോഡൽ 1(1998-2008 അഡ്മിഷൻ റഗുലർ), ബി.എ. മോഡൽ 1(1998-2011 അഡ്മിഷൻ പ്രൈവറ്റ് രജിസ്ട്രേഷൻ) സ്പെഷൽ മേഴ്സി ചാൻസ് പരീക്ഷയ്ക്ക് പിഴയില്ലാതെ നവംബർ ഒമ്പതു വരെയും 525 രൂപ പിഴയോടെ നവംബർ 10 വരെയും 1050 രൂപ സൂപ്പർഫൈനോടെ നവംബർ 11 വരെയും അപേക്ഷിക്കാം. പരീക്ഷഫീസ്, സി.വി. ക്യാമ്പ് ഫീസ് എന്നിവയ്ക്ക് പുറമേ 5,250 രൂപ സ്പെഷൽ ഫീസും അടയ്ക്കണം. ഓരോ സെമസ്റ്ററിനും പ്രത്യേകം അപേക്ഷ നൽകണം. അപേക്ഷയ്ക്കൊപ്പം മാർക്ക് ലിസ്റ്റിന്റെ പകർപ്പും ഫീസടച്ച രസീതും ഉൾക്കൊള്ളിക്കണം. www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കുന്ന അപേക്ഷ ഫോം (സ്പെഷൽ മേഴ്സി ചാൻസ് പരീക്ഷ 2018) ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാം. www.epay.mgu.ac.in എന്ന പോർട്ടൽവഴിയാണ് ഫീസ് അടയ്ക്കേണ്ടത്. അസിസ്റ്റന്റ് രജിസ്ട്രാർ 4(പരീക്ഷ)യ്ക്കാണ് അപേക്ഷ നൽകേണ്ടത്. 2018 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ വിജ്ഞാപന പ്രകാരം അപേക്ഷിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല.

(പി.ആർ.ഒ/39/1056/2020)

## പരീക്ഷ ഫലം

2020 ജൂലൈയിൽ സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ബിസിനസ് സ്റ്റഡീസിൽ നടന്ന നാലാം സെമസ്റ്റർ എം.ബി.എ.(റഗുലർ-സി.എസ്.എസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1057/2020)

## എം.ജി. ബിരുദ പ്രവേശനം; എസ്.സി./എസ്.ടി. പ്രത്യേക അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളജുകളിൽ ബിരുദ പ്രവേശനത്തിന് പട്ടികജാതി, പട്ടികവർഗ വിഭാഗക്കാർക്കുള്ള ഒന്നാം പ്രത്യേക അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട് മെന്റ് ലഭിച്ചവർ ഒക്ടോബർ 30ന് വൈകിട്ട് നാലിനകം പ്രവേശനം നേടണം. ഓൺലൈനായി സർവകലാശാല ഫീസടച്ചശേഷം അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ടും അസൽ യോഗ്യത സർട്ടിഫിക്കറ്റുകളും സാക്ഷ്യപത്രങ്ങളും സഹിതം അലോട്ട്മെന്റ് ലഭിച്ച കോളജിൽ ഹാജരായി ഫീസടച്ച് പ്രവേശനം നേടണം. ഒക്ടോബർ 30ന് വൈകിട്ട് നാലിനകം ഫീസടയ്ക്കാത്തവരുടെയും ഫീസടച്ചശേഷം കോളജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കും. മുൻ അലോട്ട്മെന്റുകളിൽ താത്കാലിക പ്രവേശനം നേടിയവരുൾപ്പെടെ എല്ലാ അപേക്ഷകരും അലോട്ട്മെന്റ് ലഭിച്ച കോളജിൽ സ്ഥിരപ്രവേശനം നേടണം. അല്ലെങ്കിൽ അലോട്ട്മെന്റ് റദ്ദാക്കപ്പെടും.

(പി.ആർ.ഒ/39/1058/2020)

## ക്രഷ് മാനേജർ; കരാർ ഒഴിവ്

മഹാത്മാഗാന്ധി സർവകലാശാലയുടെ ക്രഷിൽ ക്രഷ് മാനേജരായി കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. ഒരു വർഷമാണ് കാലാവധി. മാസം 13,000 രൂപയാണ് വേതനം. യോഗ്യത: അംഗീകൃത ബിരുദം, സർക്കാർ അംഗീകൃത സ്ഥാപനത്തിൽനിന്ന് പ്രീ-പ്രൈമറി ടീച്ചേഴ്സ്

ട്രെയിനിങ് കോഴ്സ് പാസായിരിക്കണം, കൃഷി നടത്തിപ്പിൽ മൂന്നു വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം. പ്രായം: 20-40. താൽപര്യമുള്ളവർ ബയോഡേറ്റ, ബന്ധപ്പെട്ട രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ സഹിതം നവംബർ 11ന് വൈകിട്ട് അഞ്ചിനകം ഡെപ്യൂട്ടി രജിസ്ട്രാർ 2(ഭരണവിഭാഗം) മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ. കോട്ടയം എന്ന വിലാസത്തിൽ അപേക്ഷിക്കണം. കോവിഡ് 19 നിയന്ത്രണങ്ങൾ പിൻവലിച്ച് ഓഫീസ് സാധാരണനിലയിൽ പ്രവർത്തിക്കുന്നതിന് അനുസരിച്ചാണ് നിയമനം.

(പി.ആർ.ഒ/39/1059/2020)

## സിവിൽ സർവീസ് പരിശീലനം; അപേക്ഷ നവംബർ ആറുവരെ

മഹാത്മാഗാന്ധി സർവകലാശാല സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിലെ റഗുലർ, ഈവനിങ് പ്രോഗ്രാമുകളിലേക്ക് നവംബർ ആറു വരെ അപേക്ഷിക്കാം. ഓൺലൈനായും നേരിട്ടും അപേക്ഷ നൽകാം. വിശദവിവരം www.civilserviceinstitute.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 9188374553. ഇ-മെയിൽ: civilserviceinstitute@mgu.ac.in

(പി.ആർ.ഒ/39/1060/2020)

# കോളജുകളും സർവകലാശാലകളും ഉയർന്ന നാക് ഗ്രേഡിന് ശ്രമിക്കണം: മുഖ്യമന്ത്രി

### എം.ജി. സ്റ്റുഡന്റ്സ് അമിനിറ്റീസ് കം ഇൻകുബേഷൻ കേന്ദ്രം മുഖ്യമന്ത്രി നാടിനു സമർപ്പിച്ചു

സർവകലാശാലകളും കോളജുകളും ഉയർന്ന നാക് (നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ) ഗ്രേഡ് നേടിയെടുക്കാൻ കഠിനമായി പരിശ്രമിക്കണമെന്നും സർക്കാർ മികച്ച പരിഗണനയാണ് ഉന്നതവിദ്യാഭ്യാസ മേഖലയ്ക്ക് നൽകുന്നതെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മഹാത്മാഗാന്ധി സർവകലാശാലയിൽ സ്റ്റാർട്ടപ് സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വിദ്യാർഥികൾക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി നിർമിച്ച സ്റ്റുഡന്റ്സ് അമിനിറ്റീസ് കം ഇൻകുബേഷൻ കേന്ദ്രത്തിന്റെ ഒന്നാംഘട്ടത്തിന്റെ ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു അദ്ദേഹം.

'റൂസ' സാമ്പത്തിക സഹായമടക്കം ലഭിക്കണമെങ്കിൽ ഉയർന്ന നാക് ഗ്രേഡ് വേണം. അതിനായാണ് നിലവാരമുള്ള പഠനാന്തരീക്ഷവും ഗുണമേന്മ ഉറപ്പുവരുത്തുന്ന വിദ്യാഭ്യാസവും ഉറപ്പാക്കാൻ സർക്കാർ ശ്രമിക്കുന്നത്. 'സാക്' അടക്കമുള്ളവ രൂപീകരിച്ചതും ഇതിനായാണ്. ഒരു വിദ്യാർഥിയെ മികച്ച മനുഷ്യനാക്കി മാറ്റിത്തീർക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം-അദ്ദേഹം പറഞ്ഞു. യു.ജി., പി.ജി. സീറ്റുകളിൽ ഇരുപതിനായിരത്തോളം സീറ്റുകളുടെ വർധന വരുത്താൻ കഴിഞ്ഞതായി യോഗത്തിൽ അധ്യക്ഷത വഹിച്ച ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ പറഞ്ഞു.

തോമസ് ചാഴിക്കാടൻ എം.പി., അഡ്വ. കെ. സുരേഷ് കുറുപ്പ് എം.എൽ.എ., വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ, അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലിസി ടോമി, ജില്ലാ പഞ്ചായത്തംഗം ബി. മഹേഷ് ചന്ദ്രൻ, ബ്ലോക്ക് പഞ്ചായത്തംഗം മോളി ലൂയിസ്, ഗ്രാമപഞ്ചായത്തംഗം ഷിമി സജി, സിൻഡിക്കേറ്റംഗം അഡ്വ. പി. ഷാനവാസ്, ഡോ. എ. ജോസ്, സിൻഡിക്കേറ്റ് അംഗങ്ങൾ, രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാർ എന്നിവർ പങ്കെടുത്തു.

കേന്ദ്ര മാനവവിഭവ ശേഷി മന്ത്രാലയത്തിന്റെ രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) പദ്ധതിയിലൂടെ 4.53 കോടി രൂപ ചെലവിലാണ് സ്റ്റുഡന്റ്സ് അമിനിറ്റീസ് കം ഇൻകുബേഷൻ കേന്ദ്രത്തിന്റ ഒന്നാംഘട്ട നിർമാണ പ്രവൃത്തികൾ പൂർത്തീകരിച്ചത്. പദ്ധതിയുടെ 40 ശതമാനം സംസ്ഥാനവിഹിതമാണ്. 14,131 ചതുരശ്രയടിയുള്ള ഇരുനില കെട്ടിടത്തിന്റെ നിർമാണ ചുമതല കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിങ് കമ്പനി ലിമിറ്റഡാണ് (കെൽ) നിർവഹിച്ചത്.

വിദ്യാർഥികൾക്കും യുവസംരംഭകർക്കും സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയാണ് ഇൻകുബേഷൻ സെന്ററിന്റെ ലക്ഷ്യം. നാനോ ടെക്നോളജി, മൊബൈൽ-വെബ് ആപ്ലിക്കേഷനുകൾ, ഡിജിറ്റൽ സേവനങ്ങൾ എന്നീ മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് ആവശ്യമായ ലാബുകളും മറ്റ് സൗകര്യങ്ങളുമാണ് സെന്ററിൽ ഒരുങ്ങുക. സംരംഭകർക്കുള്ള പരിശീലനവും ലഭ്യമാക്കും. ഇൻകുബേഷൻ സെന്ററിലെ സയന്റിഫിക് കോർ ക്ലൗഡ് കമ്പ്യൂട്ടിങ് സംവിധാനമുപയോഗിച്ച് ചെറുകിട-ഇടത്തരം വ്യവസായസ്ഥാപനങ്ങൾക്കും സർവകലാശാലകൾക്കും കോളജുകൾക്കും ഉത്പന്ന നിർമാണത്തിനുള്ള ഗവേഷണത്തിനായി മോഡലിങ്, കമ്പ്യൂട്ടേഷൻ എന്നിവയിൽ സഹായം ലഭ്യമാക്കും. വിവിധ മൊബൈൽ, വെബ് ആപ്ലിക്കേഷനുകൾ നിർമിക്കുന്നതിനും നിർമിത ബുദ്ധി, ബ്ലോക് ചെയിൻ എന്നീ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് സോഫ്റ്റ്വേർ വികസിപ്പിക്കുന്നതിനും ബിസിനസ് അനലറ്റിക്സ്, ഇന്റർനെറ്റ് ഓഫ് തിങ്സ്(ഐ.ഒ.റ്റി) എന്നീ സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനും സൗകര്യമൊരുക്കും. റൂസ 1 പദ്ധതിയിലൂടെ സർവകലാശാലയ്ക്ക് ലഭിച്ച 20 കോടി രൂപയുടെ മുഴുവൻ പദ്ധതികളും ഇതോടെ പൂർത്തീകരിച്ചു.

## ഫോട്ടോ കാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാല സ്റ്റുഡന്റ്സ് അമിനിറ്റീസ് കം ഇൻകുബേഷൻ കേന്ദ്രത്തിന്റ ഒന്നാംഘട്ടത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനിലൂടെ നിർവഹിക്കുന്നു.**

**മഹാത്മാഗാന്ധി സർവകലാശാലയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനിലൂടെ ഉദ്ഘാടനം ചെയ്ത സ്റ്റുഡന്റ്സ് അമിനിറ്റീസ് കം ഇൻകുബേഷൻ കേന്ദ്രത്തിന്റെ ശിലാഫലകം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അനാഛാദനം ചെയ്യുന്നു.**

(പി.ആർ.ഒ/39/1061/2020)

**എ. അരുൺകുമാർ**
പബ്ലിക്റിലേഷൻസ്ഓഫീസർ